"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - Improvement to Komenkerychira - Ambedkar colony Road-Ch-1/100 to3/800 k.m-( balance work) എന്ന പ്രവർത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.876/2024/PWD തീയതി,തിരുവനന്തപുരം, 29-08-2024

പരാമർശം:- 1. G.O (MS) NO.20/2018/PWD Dated 06.06.2018

2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ CEPWD/5286/2022-C4(W)-RD തീയതി 01.12.2023 നംപർ കത്ത്.

**ഉത്തരവ്**

Komenkerychira - Ambedkar Colony AC road എന്ന പ്രവർത്തിക്ക് ടി റോഡിന്റെ കി. മി. 1/000 മുതൽ 3/800 വരെയുള്ള 2.800 കി മി. ഭാഗത്തെ പുനരുദ്ധാരണത്തിനായി പരാമർശം 1 പ്രകാരം 100 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു.

2. എന്നാൽ ഭേദപ്പെട്ട ഉപരിതലമുണ്ടായിരുന്ന 1.600 കി.മി. ഭാഗം ഒഴിവാക്കി ബാക്കിയുള്ള 1.200 കി.മി ദൂരത്തിനായി ഭരണാനുമതി എസ്റ്റിമേറ്റ് സമർപ്പിചിരുന്നു എന്നും തുടർന്ന് ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗവ. സർക്കുലർ പ്രകാരം ടി പ്രവർത്തി പുതുക്കിയപ്പോൾ ഉണ്ടായ സേവിങ്സ് ഉപയോഗപ്പെടുത്തി ടി പ്രവർത്തിയിൽ ഉൾപ്പെടുന്ന റോഡിൻറ്റെ നീളം 1.200 കി മി എന്നുള്ളത് 1.500 കി മി ആയി വർധിപ്പിച്ചു എന്നും പരാമർശം 2 പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ഇതേ തുടർന്ന് ടി പ്രവൃത്തി റി അറേഞ്ച് ചെയ്യുന്നതിൻറെ ഭാഗമായി പഴയ രീതിയിലുള്ള VAT component കുറയ്ക്കുകയും പുതിയ രീതിയിലുള്ള 18% GST ഉൾപ്പെടുത്തിക്കൊണ്ടും സ്പെസിഫിക്കേഷനിലോ അളവുകളിലോ നിരക്കുകളിലോ യാതൊരുവിധ മാറ്റവും വരുത്താതെയും നിലവിലെ പ്രവൃത്തിയിൽ കി. മീ. 1/000 മുതൽ 2/500 വരെയുള്ള ഭാഗം കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതിയിലെ പേര് കി.മി. 1/000 മുതൽ 3/800 എന്നതിനു പകരം കി.മീ 1/000 മുതൽ 2/500 എന്നാക്കി മാറ്റിക്കൊണ്ട് 1,15,20,571/ രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി പരാമർശം 2 പ്രകാരം

പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ Risk and Cost തുക മുൻ കോൺട്രാക്ടറുടെ പക്കൽ നിന്നും തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന നിബന്ധനക്ക് വിധേയമായി 'Komenkerychira - Ambedkar Colony AC road' എന്ന പ്രവൃത്തിയുടെ ഭരണാനുമതിയിലെ പേര് 'Budget Work 2018-19 - Improvements to Komenkerychira-Ambedkar Colony road Ch.1/000 to 2/500' എന്ന് പുനർ നാമകരണം ചെയ്യുകയും 1,15,20,571/ രൂപയുടെ (ഒരു കോടി പതിനഞ്ചു ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒന്നു രൂപാ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A MUMTHAS BEEGOM
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 29-08-2024 15:42:13
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ചീഫ് എൻജിനീയർ (നിരത്തുകളും ഭരണവും വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.

സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.